# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5611 — 27.10.2011 ൽ മറുപടിയ്ക്ക്

## സംസ്കരണ പ്ലാന്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) വിപണന ഇടപെടൽ സംസ്കരണം എന്നിവയ്ക്ക് സഹായം നൽകുന്ന പദ്ധതിയിൻ കീഴിൽ ഏതൊക്കെ കാർഷിക വിഭവങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) നെല്ല്, നാളികേരം എന്നീ കാർഷിക വിഭവങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് |
| (ബി) അതിൻപ്രകാരം കഴിഞ്ഞ വർഷം നൽകിയ സഹായത്തിന്റെ വിശദവിവരം നൽകാമോ; | (ബി) കഴിഞ്ഞ വർഷം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 12 സഹകരണ സ്ഥാപനങ്ങൾക്ക് നാളികേര സംഭരണ, സംസ്കരണ പ്രവർത്തനങ്ങൾക്കായി 106.04 ലക്ഷം രൂപ സബ്സിഡിയായും, 822.96 ലക്ഷം രൂപ ഓഹരിയായും അനുവദിച്ച് നൽകിയിട്ടുണ്ട്. 5 സഹകരണ സംഘങ്ങൾക്ക് നെല്ല് സംഭരണ സംസ്കരണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ സബ്സിഡിയായും 360 ലക്ഷം രൂപ ഓഹരിയായും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണവും സംസ്കരണവും പ്രായോഗികമായി നടപ്പാക്കാവുന്ന ജില്ലകളെ വേർതിരിച്ച് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) കണ്ടെത്തിയിട്ടുണ്ട്.<br>സുഗന്ധ അരിയുടെ സംസ്കരണത്തിനായി മെച്ചപ്പെട്ട സൗകര്യങ്ങളോടെ ഒരു മില്ല് വയനാട് ജില്ലയിൽ സ്ഥാപിക്കുന്നതിന് തെരഞ്ഞെടുക്കുകയും വയനാട് ജില്ലയിലെ |

തിരുനെല്ലി സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഗന്ധകശാല അരി സംസ്കരണത്തിന് ഒരു മില്ല് സ്ഥാപിക്കുന്നതിന് ധനസഹായവും നൽകിയിട്ടുണ്ട്. കൂടാതെ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നെല്ല് സംഭരണം നടത്തുന്നതിന് യഥാക്രമം നീണ്ടൂർ സർവീസ് സഹകരണ ബാങ്ക്, പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്ക്, അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക് എന്നിവയെ തെരഞ്ഞെടുത്ത് ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനായി കഴിഞ്ഞ വർഷം ഏതൊക്കെ സംഘങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും എത്ര പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞുവെന്നും വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം നെല്ല്/നാളികേര സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി സംസ്ഥാന പദ്ധതി പ്രകാരം 17 സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഒരു പ്ലാന്റ് സ്ഥാപിച്ചു കഴിഞ്ഞു. മറ്റ് 16 പ്ലാന്റുകൾ സ്ഥാപിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. കഴിഞ്ഞ വർഷം ധനസഹായം ലഭിച്ച സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

(ഇ) കഴിഞ്ഞ വർഷം പ്രസ്തുത സഹായം നൽകിയ സംഘങ്ങൾക്ക് ഈ വർഷം തുടർസഹായം നൽകുമോ; എങ്കിൽ വിശദവിവരം നൽകാമോ?

(ഇ) അപേക്ഷ സമർപ്പിക്കുന്ന പക്ഷം അർഹത പരിശോധിച്ച് തുടർ സഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.